**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1591 — 14.12.2012- ൽ മറുപടിക്ക്

## പച്ചക്കറി വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| എ സംസ്ഥാനത്ത് പച്ചക്കറിവിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി തുടങ്ങിയോ; | എ 25.07.2012- ലെ സർക്കാർ ഉത്തരവ് (ആർ.ടി) നം. 1517/ 2012/ എ.ഡി പ്രകാരം സംസ്ഥാനത്ത് പച്ചക്കറി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. |
| ബി പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | ബി പച്ചക്കറി വിള വികസനത്തെ സഹായിക്കുന്നതിനായി പച്ചക്കറിവിള ഇൻഷ്വറൻസ് എന്ന പദ്ധതി 2012-13 വർഷത്തിൽ നടപ്പിലാക്കുന്നു. ഇതിലേക്കായി 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർ, ജില്ലാ ക്ലസ്റ്ററുകളായി രൂപീകരിച്ച് സംസ്ഥാനവിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം കൃഷി ഇൻഷ്വറൻസ് ചെയ്യുന്നു. ഇൻഷ്വർ ചെയ്യേണ്ട ഏറ്റവും കുറഞ്ഞ വിസ്തൃതി 10 സെന്റും (പന്തൽ ആവശ്യമായ കൃഷി, പന്തൽ വേണ്ടാത്ത കൃഷികൾ) ഇതിന് ആവശ്യമായ. പ്രീമിയം തുക 10/- രൂപയുമാണ്. കൃഷി തുടങ്ങി ഒരാഴ്ച മുതൽ ഒരു മാസം വരെയുള്ള കാലയളവിൽ വേണം കൃഷി ഇൻഷ്വർ ചെയ്യേണ്ടത്. |
| സി പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്ത് തുക വകയിരുത്തിയിരുന്നു; അതിൽ എന്ത് തുക ചെലവഴിച്ചു; വ്യക്തമാക്കുമോ? | സി 2012 - 13 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 150 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 150 ലക്ഷം രൂപ സംസ്ഥാനവിള ഇൻഷ്വറൻസ് ഫണ്ടിലേക്ക് മാറ്റി ഇട്ടിട്ടുണ്ട്. വിളനാശം സംഭവിക്കുന്ന മുറയ്ക്ക് അർഹമായ തുക കർഷകർക്ക് വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ